## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2577 12/02/2020 ൽ മറുപടിക്ക്

**ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനവും**

ചോദ്യം

ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളോടനുബന്ധിച്ച് നിയമാനുസൃതമായി രൂപീകരിക്കുന്ന അഡ്ഹോക്ക് കമ്മിറ്റികളെയും ഉപദേശകസമിതികളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുമോ; | (എ) | ഉപദേശക സമിതിയിലെ സ്ഥിരാംഗങ്ങൾ ഒഴികെയുള്ളവരെ തെരഞ്ഞെടുക്കുന്നതിലേക്ക് രജിസ്റ്റേർഡ് ഭക്തജനങ്ങളുടെ പൊതുയോഗം, പ്രസ്തുത യോഗത്തിന് ഒരാഴ്ച മുൻപെങ്കിലും നോട്ടീസ് നൽകി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ വിളിച്ചു ചേർക്കുന്നതും. യോഗത്തിൽ വച്ച് പൊതുധാരണയുടെ/സമവായത്തിന്റെ അടിസ്ഥാനത്തിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുമാണ്. കൂടാതെ നിശ്ചിത അംഗസംഖ്യയിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കപ്പെട്ടാൽ ക്ഷേത്രനടയിൽ വച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ നറുക്കെടുപ്പ് നടത്തി നിശ്ചിത എണ്ണം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതാണ്. |
| (ബി) | വലിയ തുകകൾ പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്, ദേവസ്വങ്ങളിൽ നടക്കുന്ന ഏത് രീതിയിലുള്ള ധനസമാഹരണത്തിനും ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ് കൂടാതെ ദേവസ്വം ബോർഡ് സീൽ ചെയ്ത് നൽകുന്ന കൂപ്പണുകൾ ഉപയോഗിച്ച മാത്രമേ ധനസമാഹരണം നടത്തുവാൻ സാധിക്കു. അപ്രകാരം ധനസമാഹരണം നടത്തിയ ശേഷം വരവ് ചെലവ് കണക്കുകൾ നിശ്ചിത |

| | | | |
|---|---|---|---|
| | | | തീയതിക്കുളളിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥയുണ്ട്. തുടർന്ന് അതാത് സബ് ഗ്രൂപ്പ് ഓഫീസർ ടി കണക്കുകൾ പരിശോധിച്ച് ഉറപ്പ് വരുത്തി ആഡിറ്റ് വിഭാഗത്തിന് കൈമാറുന്നതാണ്. |
| (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളോടുമനുബന്ധിച്ചുള്ള ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും ജനാധിപത്യപരമാക്കുന്നതിനും ഈ സംവിധാനങ്ങളിലൂടെ നടക്കുന്ന സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനും കുറ്റമറ്റ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന അവസരങ്ങളിൽ ഉത്തരവാദികളായവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ, വിശദമാക്കുമോ? | (ഡി) | ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബൈലോ പരിഷ്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ബഹു ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ